**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** — **03-02-2026 - ൽ മറുപടിയ്ക്ക്**

**സി. എം. കിഡ്സ് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് മാറ്റി സി.എം.കിഡ്സ് സ്കോളർഷിപ്പ് എന്ന പേരിൽ പുതിയ പദ്ധതിയായി അവതരിപ്പിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | 2025-2026-ലെ സംസ്ഥാന ബജറ്റ് പ്രഖ്യാപനം പ്രകാരമാണ് എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് സി.എം.കിഡ്സ് സ്കോളർഷിപ്പ് എന്ന പേരിൽ മാറ്റാൻ തീരുമാനിച്ചത് |
| (ബി) | എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് മാറ്റി പുതിയ പദ്ധതിയായി അവതരിപ്പിച്ചപ്പോൾ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | എൽ. എസ്. എസ്./യു. എസ്. എസ്. പരീക്ഷ മാനദണ്ഡങ്ങളിൽ പ്രധാനമായും 2 മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്.<br><br>1. പരീക്ഷയുടെ പേരുകൾ സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി), സി.എം കിഡ്സ് സ്കോളർഷിപ്പ് (യുപി) എന്നിങ്ങനെ പുനർനാമകരണം ചെയ്യുക.<br><br>2. ഓരോ വർഷവും സ്കോളർഷിപ്പ നേടുന്ന കുട്ടികളുടെ എണ്ണം നിശ്ചയിക്കുന്നതിന് ആവശ്യമായ കട്ട് ഓഫ് മാർക്ക് അതാതു വർഷം പരീക്ഷാ ബോർഡ് യോഗം ചേർന്ന് തീരുമാനിക്കുക. |
| (സി) | എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് വിതരണത്തിലെ കുടിശിക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (സി) | സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി 2024-2025 വർഷം മുതൽ എൽ. എസ്. എസ്./ യു. എസ്. എസ്. പോർട്ടൽ മുഖേനയാണ് കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നത് .ഈ പോർട്ടൽ മുഖേന 2024-2025 വർഷം ഏകദേശം മുപ്പതു കോടി രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്തു. എന്നാൽ പോർട്ടലിലെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വന്ന പിഴവുകൾ കാരണം ഒട്ടേറെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇപ്രകാരം പിഴവുകൾ വന്ന എൻട്രികൾ തിരുത്തിയാൽ മാത്രമേ കൃത്യമായ കുടിശ്ശിക കണക്ക് ലഭിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ